# Desabhimani
# 31 August 2018
# Thiruvananthapuram, After Flood, Weather Forecast was Flawed, Heavy Rain,



കാലാവസ്ഥാ പ്രവചനത്തിൽ ന്യൂനതയുണ്ടായി

## അതിതീവ്രമഴ: കേന്ദ്ര മുന്നറിയിപ്പ് ലഭിച്ചില്ല- മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കേരളത്തിൽ അതിതീവ്രമഴ ഉണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ മുന്നറിയിപ്പ് ലഭിച്ചിരുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇക്കാര്യത്തിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന് ന്യൂനതകളുണ്ടായി. പ്രത്യേക നിയമസഭാസമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയത്തിനുള്ള ചർച്ചക്ക് മറുപടി നൽകവേയാണ് മുഖ്യമന്ത്രി ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

ഏഴുമുതൽ 11 സെന്റിമീറ്റർ വരെയാണ് ശക്തമായ മഴ. അതിശക്തമായ മഴ 12 മുതൽ 20 സെന്റീമീറ്റർ വരെയും, അതിതീവ്രമഴ 20 സെന്റീമീറ്ററിൽ അധികവുമാണ്. എന്നാൽ, അതിതീവ്ര മഴയെന്ന പ്രവചനം ആഗസ്റ്റിൽ കേന്ദ്ര കാലാവസ്ഥാവകുപ്പിൽ നിന്ന് ലഭിച്ചില്ല. ആഗസ്ത് ഒമ്പതുമുതൽ 15 വരെ ശരാശരി 9.85 സെന്റീമീറ്റർ വരെ മഴയാണ് കാലാവസ്ഥാവകുപ്പ് പ്രവചിച്ചത്. എന്നാൽ, 35.22 സെന്റീമീറ്റർ അതിതീവ്ര മഴയാണു ലഭിച്ചത്. തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് കേരളത്തിൽ സാധാരണ നിലയിലുള്ള മഴയാകുമെന്നായിരുന്നു പ്രവചനം.

ഇത് അപാകതയായി കാണണം. അപ്രതീക്ഷിതമായ അതിതീവ്രമഴയുടെ ഒരുസൂചനയും ലഭിച്ചില്ല. ഓഖി ചുഴലിക്കൊടുങ്കാറ്റ് മുന്നറിയിപ്പ് നൽകുന്നതിലും കേന്ദ്ര കാലാവസ്ഥാ വകുപ്പിന് വീഴ്ചയുണ്ടായതായും മുഖ്യമന്ത്രി പറഞ്ഞു.

ജൂൺ ഒന്നുമുതൽ ആഗസ്റ്റ് എട്ടുവരെ കേരളത്തിൽ 15 ശതമാനം അധികമഴയാണ് കിട്ടിയത്. അസാധാരണ സാഹചര്യം ഇല്ലായിരുന്നു. ആഗസ്റ്റ് ഒന്നുമുതൽ എട്ടുവരെ സാധാരണ കിട്ടുന്ന മഴയേക്കാൾ 38 ശതമാനം കുറവായിരുന്നു. പിന്നീട് അപ്രതീക്ഷിതമായി മഴ കനത്തു. 16 വരെ മഴയിൽ 362 ശതമാനം വർധനയാണ്. ഇടുക്കിയിൽമാത്രം 568 ശതമാനം അധിക മഴ ലഭിച്ചു. അപ്പോഴെല്ലാം കാലാവസ്ഥാപ്രവചനം ഒരേ സ്വഭാവത്തിലായിരുന്നു. അപ്രതീക്ഷിത മഴ പ്രവചിച്ചില്ല.

ആഗസ്റ്റ് ഒന്നിന് 2395.8 അടിയായി ഇടുക്കിയിലെ ജലനിരപ്പ്. നാലിന് 2396.34 അടിയായി. പിന്നീട് കുറഞ്ഞു. എട്ടിന് ജലനിരപ്പ് വർധിച്ചു.

ഒമ്പതിന് രണ്ടടി ഉയർന്ന് 2398.4 ആയി. ഇങ്ങനെയാണ് അണക്കെട്ട് തുറക്കേണ്ട സാഹചര്യം ഉണ്ടായത്.

കാലാവസ്ഥാ നിരീക്ഷണത്തിൽ കണ്ടെത്താൻ കഴിയാത്ത കാര്യങ്ങൾ ഡാം മാനേജ്മെന്റുമായി കൂട്ടിയിണക്കേണ്ട കാര്യമില്ല.

ഡാമുകളാണ് പ്രളയത്തിന് കാരണമായതെന്ന വാദം ശരിയല്ല. നദീതടങ്ങളിൽ ഉണ്ടായ കനത്തമഴ മൂലമുള്ള സ്വാഭാവിക നീരൊഴുക്കാണ് പ്രളയകാരണം. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടിലുള്ള വിജയമാണ് സുപ്രീം കോടതി വിധിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രത്യേക നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രമേയം അവതരിപ്പിക്കുന്നു